"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ- മലപ്പുറം ജില്ല- കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരിച്ചത്- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)(എ) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

G.O.(Rt) No.461/2022/LSGD തിരുവനന്തപുരം, തീയതി: 25-02-2022

---

പരാമർശം: ചീഫ് ടൗൺ പ്ലാനറുടെ 22.12.2021ലെ TCPCTP/2630/2021-C2 നമ്പർ കത്തും, അനുബന്ധരേഖകളും.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കപ്പെടാതെ നവീകരിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019 ചട്ടം 3(4)(എ) പ്രകാരം ചട്ടങ്ങളിൽ ഇളവ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ, ബന്ധപ്പെട്ട രേഖകൾ സഹിതം, ഉചിത മാർഗേന, ചീഫ് ടൗൺ പ്ലാനർ പരാമർശം പ്രകാരം ലഭ്യമാക്കിയിരുന്നു.

2. കെഎംബിആർ 2019 ചട്ടം 6(4) ലംഘിച്ചുകൊണ്ട് 401.12 ച.മീ വിസ്തീർണ്ണമുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ 119.90 ച.മീ കൂട്ടിച്ചേർക്കൽ നടത്തിയിട്ടുള്ളതായും, ചട്ടം 3(1)(ഡി) പ്രകാരം എക്സ്റ്റൻഷൻ നടത്തുന്ന ഭാഗത്തിന് ചട്ടം ബാധകമാക്കി പരിശോധിക്കുമ്പോൾ കെപിബിആർ 2019 ചട്ടം 26 പ്രകാരമുള്ള തുറസ്സായ സ്ഥലങ്ങൾ, ചട്ടം 29 പ്രകാരമുള്ള പാർക്കിംഗ്, ചട്ടം 34 പ്രകാരമുള്ള സാനിട്ടേഷൻ സൗകര്യങ്ങൾ, ചട്ടം 27 പ്രകാരമുള്ള കവറേജ്, ചട്ടം 37 പ്രകാരമുള്ള എക്സിറ്റ് വിഡ്ത്ത് എന്നിവ ലംഘിക്കുന്നതായും സിറ്റിപി റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സ്ഥല സൗകര്യങ്ങൾ കുറവായതിനാൽ ലഭ്യമായ ഭൂമിയിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനാലും, പൊതു ആവശ്യത്തിലേക്കുള്ള തദ്ദേശസ്ഥാപനങ്ങളുടെ കെട്ടിടനിർമ്മാണം ആയതിനാലും ടി നിർമ്മാണത്തിന് കെപിബിആർ 2019 ചട്ടം 3(4)(എ) പ്രകാരം ഇളവ് ലഭ്യമാക്കാവുന്നതാണ് എന്നും പരാമർശം പ്രകാരം ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരിച്ചതിന്റെ ഭാഗമായി വന്നിട്ടുള്ള ചട്ടലംഘനങ്ങൾക്ക്, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019ലെ 3(4)(എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZYMOL E
DEPUTY SECRETARY

പകർപ്പ്:-

സെക്രട്ടറി, കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ